# ഫാ. സ്റ്റാൻ സ്വാമിയെ മോചിപ്പിക്കണമെന്ന്

തിരുവമ്പാടി: ആദിവാസികൾക്കിടയിലെ മനുഷ്യാവകാശ പ്രവർത്തകനും ഈശോ സഭയുടെ പുരോഹിതനുമായ ഫാ. സ്റ്റാൻ സ്വാമിയെ ജയിൽ മോചിതനാക്കണമെന്നും ഭീമ കൊറേഗാവ് കേസിലെ എൻഐഎ അന്വേഷണം ജനാധിപത്യത്തിലെ എതിർപ്പിന്റെ രാഷ്ട്രീയത്തെ ഇല്ലായ്മ ചെയ്യലാണെന്നും കേരള കോൺഗ്രസ്-എം തിരുവമ്പാടി മണ്ഡലം നേതൃത്വ യോഗം അഭിപ്രായപ്പെട്ടു.

ആദിവാസി സമൂഹങ്ങളുടെ ഭൂമി, വനം, തൊഴിൽ അവകാശങ്ങൾക്കു വേണ്ടി ശബ്ദമുയർത്തിയതിന്റെ പേരിൽ ജയിലിലടയ്ക്കുന്നത് ജനാധിപത്യ വിരുദ്ധമാണെന്നും യോഗം വിലയിരുത്തി. യോഗം ജില്ലാ പ്രസിഡന്റ് ടി.എം. ജോസഫ് ഉദ്ഘാടനം ചെയ്തു. മണ്ഡലം പ്രസിഡന്റ് ജോയി മ്ളാക്കുഴി അധ്യക്ഷത വഹിച്ചു. ഫൈസൽ ചാലിൽ, റോബിൻസ് തോമസ്, ദിനീഷ് കൊച്ചുപറമ്പിൽ , ആൻസി സെബാസ്റ്റ്യൻ, ഓമന വിശ്വംഭരൻ, വിൽസൺ താഴത്ത് പറമ്പിൽ, ജോസുകുട്ടി തോണിപ്പാറ, സണ്ണി പുതുപ്പറമ്പിൽ എന്നിവർ പ്രസംഗിച്ചു.